# നിയമദർശി [2014(2)]

POWERED BY www.sherrylegal.com

## വിശദാംശങ്ങൾ ഇനി പരസ്യം

കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് പരസ്യമായി പ്രസിദ്ധീകരിക്കണമെന്നു സർക്കുലർ ഉണ്ടായിരുന്നു. എന്നാൽ പലയിടത്തും അത് നടപ്പിലാകുന്നില്ല എന്ന് കണ്ടു നിയമം കർക്കശമാക്കാൻ കേരള സർക്കാർ തീരുമാനിച്ചു. (നം.01/RA1/2014/LSGD dated 3.3.2014). ഇനി ബഹു നില കെട്ടിടങ്ങൾ വഴിമുടക്കായും ശല്യമായും നിർമ്മിക്കുമ്പോൾ അതിനെതിരെ രേഖകൾ സംഘടിപ്പിക്കാനും മറ്റും വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകി കാത്തിരിക്കേണ്ട. എല്ലാം കൃത്യമായി പ്രദർശിപ്പിക്കും എന്ന് വിചാരിക്കാം.



## വെയിലത്ത് വാടാതിരിക്കാൻ വിശ്രമം അവകാശം

ഏപ്രിൽ ഒന്ന് മുതൽ തുറന്ന സ്ഥലത്ത് ജോലി ചെയ്യുന്നവർക്ക് ഉച്ചക്ക് 12 മുതൽ 3 വരെ വിശ്രമം നൽകാൻ തൊഴിലുടമ ബാധ്യസ്ഥനാകും. കേരളത്തിൽ ഇത്തവണ ചൂട് കൂടിവന്ന സാഹചര്യത്തിലാണ് കേരള ലേബർ കമ്മിഷണർ പുതിയ ഉത്തരവ് ഇറക്കിയത്. കുറഞ്ഞ കൂലി ഉറപ്പാക്കാനുള്ള നിയമത്തിന്റെ അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ ഉത്തരവ് ഇറക്കിയത്.

രാവിലെ 7 മുതൽ വൈകീട്ട് 7 വരെയുള്ള സമയത്ത് ജോലി ക്രമീകരിച്ചു കൊണ്ട് ഉച്ചക്ക് 12 മുതൽ 3 വരെ വിശ്രമം നൽകണമെന്നാണ് ഉത്തരവ്. ഇനി തല്ക്കാലം കേരളത്തിൽ ചൂട് കുറയുന്നത് വരെ നട്ടുച്ച വെയിലത്ത് ആരും ജോലി ചെയ്തു ശാരീരിക അസ്വസ്ഥതകൾ ഉണ്ടാകാതിരിക്കാനാണ് ലേബർ കമ്മിഷണർ ഈ ഉത്തരവ് ഇറക്കിയത്.

മിനിമം വെജെസ് (കുറഞ്ഞ കൂലി) നിയമപ്രകാരം തൊഴിലാളികളുടെ തൊഴിൽ സമയം ക്രമീകരിക്കാൻ ലേബർ കമ്മിഷണർക്ക് അധികാരമുണ്ട്. പണി വേഗം അവസാനിപ്പിച്ചു വീട്ടിൽ പോകാൻ തൊഴിലാളി തീരുമാനിച്ചു നട്ടുച്ച വെയിലിൽ പണിയെടുക്കാൻ തയ്യാറായാലും ഉത്തരവിന്റെ ലന്ഘനം ശ്രദ്ധയിൽ പെട്ടാൽ തൊഴിലുടമ പിഴ ഒടുക്കേണ്ടി വരും. സമുദ്ര നിരപ്പിൽ നിന്ന് 3000 അടി ഉയരത്തിന് മുകളിൽ ഉള്ള തൊഴിലിടങ്ങളിൽ ഇതു ബാധകമായിരിക്കില്ല.

### INITIATIVES OF NIYAMADARSI

Legal awareness classes

Legal booklets for laymen

Free download of Indian laws

Senior Citizens rights

Women rights



## പലിശ പിരിക്കാൻ പലിശക്കാരൻ പലിശക്കാരനെ പിടിക്കാൻ പോലീസുകാരൻ

കുടുവിനു പത്രം വായന വീണ്ടും ഹരമായി. കേരളത്തിൽ ഇപ്പോൾ പുതിയ കഥ തുടങ്ങിയല്ലോ. സരിതയും, പീഡനവും, പത്രങ്ങൾ മറന്നു തുടങ്ങി. ഇപ്പോൾ ഹരം അനധികൃത പലിശ ഇടപാടുകർക്കെതിരെയുള്ള പുതിയ കഥയാണ് - അതാണ് ഓപറെഷൻ കുബേര.

വീട്ടിലേക്കു പാല് വാങ്ങിയ കണക്കു എഴുതി വച്ച ചിട്ട് കണ്ടെത്തിയ പോലീസ് അതും പലിശ വാങ്ങാനുള്ള കണക്കാണെന്ന് മഹസ്സർ എഴുതി ആളെ കൊണ്ടുപോയത്രേ. അപ്പുപ്പന്മാർ, അമ്മുമ്മമാർ തുടങ്ങി ചൊക്ലി പയ്യന്മാർ വരെ വലയിൽ. പത്രത്തിൽ ദിവസവും പല പല കളർ ഫോട്ടോ- ഇതു കണ്ടു കുടുവിനു കണ്ണ് കുളിർന്നു. പക്ഷെ ദിവസവം പത്രത്തിൽ ഇത് തന്നെയായപ്പോൾ മടുത്തു.

**കൂടുതൽ പലിശ ആവശ്യപ്പെട്ടാൽ, യഥാർത്ഥ പണം കോടതിയിൽ കെട്ടാം**

പലിശക്കാരൻ കൂടുതൽ തുക ആവശ്യപ്പെട്ടാലും, വയ്പയെടുത്തയാളുടെ കണക്കുപ്രക്കാരമുള്ള തുക സ്വീകരിക്കതിരുന്നാലും വേറെ വഴിയുണ്ട്. ആ തുക കോടതിയിൽ കെട്ടിവച്ചാൽ മതി. അതുവഴി വായ്പയിലെക്കുള്ള അടവ് രേഖപ്പെടുത്താം. ബാങ്കുകളിലെക്കൾ 2 ശതമാനം പലിശ മാത്രമേ സ്വകാര്യ പളിശക്കാർക്ക് ഈടാക്കാവൂ. അല്ലെങ്കിൽ അത് ക്രിമിനൽ കുറ്റമാകും.

**പ്രത്യേക ഇന്സ്പെക്ടര്മാരുണ്ടല്ലോ പിന്നെന്തിനാ പോലീസ്**

കുടുവിനു പിന്നെയും സംശയം മാറിയില്ല. മണി ലെന്റെർ നിയമത്തിൽ തെട്ടുകുറ്റ്ങ്ങളുടെ പരിശോധന നടത്താൻ പ്രത്യേക ഇൻസ്പെക്ടർമാർ ഉണ്ട്. (വകുപ്പ് 10). പ്രത്യേക ഉത്തരവില്ലാതെ പരിശോധനക്കായി വീടിനുള്ളിലോന്നും കയറാൻ അവർക്ക് പാടില്ലത്രേ. പോലിസിനാണേൽ അവരെ സഹായിക്കാനുള്ള ജോലിയാണ് വകുപ്പ് 10 C യിൽ പറയുന്നത്. പിന്നെങ്ങനെ പോലീസ് വീടിനുള്ളിൽ കയറിയും മറ്റും പരിശോധന നടത്തും ? കുടുവിനു ഒരു പിടിയും കിട്ടിയില്ല. ഓ കേസെടുക്കാവുന്ന കുറ്റകൃത്യം നടന്നാൽ പോലീസിനു ഇതു പട്ടിക്കൂട്ടിലും കയറാം.. അതും കുടുവിനു അറിയാം. പക്ഷെ മണി ലെന്റെർ നിയമത്തിൽ കൃത്യമായി ഇൻസ്പെക്ടർമാർ ഉള്ളപ്പോൾ ..ഇതെങ്ങനെ...കുടുവിനു തല ചൂടായി. എന്തായാലും കുറെ കൊള്ളപ്പലിശക്കാർ അടങ്ങട്ടെ. പക്ഷെ യഥാർത്ഥത്തിൽ പണം തിരികെ നല്കാനുള്ളവരും ഇത് മുതലാക്കില്ലേ ? കുടു പിന്നെയും ആലോചിച്ചു - ഇനിയിപ്പോ പലിശക്ക് എവിടെ നിന്നും അത്യാവശ്യത്തിനു പണം കിട്ടാതായാൽ അതും പ്രശ്നമാകുമല്ലോ. എത്ര ഉത്തരവുകൾ ഉണ്ടെങ്കിലും ബാങ്കുകൾ വായ്പ നൽകണമെങ്കിൽ എന്തൊക്കെ നൂലാമാല മറികടക്കണം. ഏതായാലും കോടതികളിൽ കുറെ കേസായി..പലർക്കും നല്ല പിരിവുമായി.

Published by Sherry J Thomas for Social Justice Watch (Er-326/2009). Ph 947200500, 04843122200

www.niyamadarsi.com www.sherryscolumn.com www.sherrylegal.com